LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 2014-15-ലെ ബഡ്ജറ്റിൽ ഉറമുഖ വകുപ്പിൽ 19-ഉം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 4-ഉം ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിൽ 8-ഉം ഉൾപ്പെടെ മൊത്തം 31 പരിപാടികളാണ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നത്. ഓരോ പരിപാടികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദ വിവരങ്ങളും പ്രസ്തുത പരിപാടികൾക്കായി നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദവിവരവും അനുബന്ധമായി ചേർക്കുന്നു.*

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുമതി നല്കിയ മരാമത്ത് പണികൾ

107 (112) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2013-14, 2014-15 വർഷങ്ങളിൽ ഭരണാനുമതി നൽകിയ മരാമത്ത് പണികളുടെ പേര് വിവരം, അടങ്കൽ തുക എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഇതിൽ നാളിതുവരെ ആരംഭിച്ച പണികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(സി) പണി ആരംഭിക്കാത്തത് ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊല്ലം പരവൂരിലെ മിനി ഫിഷിംഗ് ഹാർബർ

108 (113) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിലെ തെക്കുംഭാഗം എന്ന സ്ഥലത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ആവശ്യത്തിനാണെന്നും വ്യക്തമാക്കുമോ; നാളിതുവരെ നടന്ന പഠനങ്ങളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.